**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **28-01-2026 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിൽ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി.യുടെ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആറ്റിങ്ങൽ, കല്ലമ്പലം, കിളിമാനൂർ, വക്കം, പാലച്ചിറ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലെ വിവിധ സ്ഥലങ്ങളിൽ 11 കെ.വി., ലോ ടെൻഷൻ ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. വരും വർഷങ്ങളിലും കേബിളുകളാക്കി മാറ്റുന്ന പ്രവൃത്തി തുടരുന്നതുമാണ്. ആറ്റിങ്ങൽ സെക്ഷനിലെ കരിച്ചിയിൽ, മാർക്കറ്റ് റോഡ്, പച്ചക്കുളം, കൊല്ലമ്പുഴ, സുബ്രഹ്മണ്യൻ കോവിൽ, വൈകവിള കോളനി, തുളസി ടെമ്പിൾ ഭാഗം, പേരേറ്റിൽ, ബോയ്സ് സ്കൂൾ, വക്കം സെക്ഷൻ പരിധിയിലെ വക്കം ഹോസ്പിറ്റൽ, മൂന്നാല്യംമൂട് റോഡ്, ചന്ത മുക്ക്, കളിവിളാകം, അകത്തുമുറി ഡെന്റൽ കോളേജ്, കൊടിതൂക്കിക്കുന്ന്, മണമ്പൂർ പഞ്ചായത്ത്, കായിക്കര പാകിസ്ഥാൻ മുക്ക്, കല്ലമ്പലം സെക്ഷൻ പരിധിയിൽ കടുവാപ്പള്ളി ഏരിയ, മണമ്പൂർ പഞ്ചായത്ത് ഏരിയ എന്നിവിടങ്ങളിലും, പാലച്ചിറ സെക്ഷൻ പരിധിയിൽ ഞെക്കാട്, അകത്തുമുറി, ചെറുന്നിയൂർ, പുത്തൻകട, താന്നിമൂട്, ശാസ്താംനട ഡീസന്റ്മുക്ക് എന്നിവിടങ്ങളിലും, നഗരൂർ സെക്ഷന്റെ പരിധിയിൽ ചെമ്മരത്തുംമുക്ക്, വെള്ളല്ലൂർ, തേക്കിൻകാട്, വെള്ളക്കോട്, കല്ലിംഗൽ പുഞ്ചക്കവല, കോട്ടച്ചിറ, പാവത്തലം, നെടുമ്പറമ്പ് എന്നിവിട ങ്ങളിലും, കിളിമാനൂർ സെക്ഷന്റെ പരിധിയിൽ പുല്ലയിൽ, ഗുരുമന്ദിരം എന്നിവിടങ്ങളിലും ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്ന സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താനായി നടപ്പിലാക്കിയ പുനഃക്രമീകരണം വിശദമാക്കാമോ? | (ബി) | എൽ.റ്റി. ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിച്ച സ്ഥലങ്ങളിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കേബിളിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ